ഉത്തരം

(എ) ചകിരി ഇറക്കുമതി O.G.L. (Open General Licence) കാറ്റഗറിയിൽ വരുന്നതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. എന്നാൽ കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കിക്കൊണ്ട് 3-9-2004-ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴയിലെ സർക്കാർ സ്ഥാപനമായ കോമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് മുഖേന ചകിരി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. തുടക്കത്തിൽ 6000 M.T. ചകിരി ഇറക്കുമതി ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ ചകിരിയുടെ വില നിശ്ചയിക്കപ്പെട്ടിട്ടില്ല.

(സി) കയർ ബോർഡ് പുറപ്പെടുവിച്ച നിബന്ധന പ്രകാരമുള്ള ചകിരിയാണ് ഇറക്കുമതി ചെയ്യുവാനുദ്ദേശിക്കുന്നത്. ഗുണനിലവാരം പരിശോധിക്കുന്നതിന് അംഗീകൃത അന്തർദേശീയ ഏജൻസികളുടെ സേവനം ഉപയോഗിക്കുന്നതാണ്.

(ഡി) ഇറക്കുമതി ചെയ്യുന്ന ചകിരി കയർ കോർപ്പറേഷനും, കയർഫെഡും വഴി കയർ ഉൽപാദകർക്കും സഹകരണ സംഘങ്ങൾക്കും വിതരണം ചെയ്യുവാനാണ് നിശ്ചയിച്ചിരിക്കുന്നത്.

(ഇ) അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

തരിശുഭൂമി കൃഷിചെയ്യാൻ നടപടി

339 [1279] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ ഭൂമിയിലാണ് നെൽകൃഷി ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികൾ നിലം കാലാകാലങ്ങളിലായി തരിശിടാനുള്ള കാരണത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കു പ്രകാരം 2003-2004-ൽ 2.87 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly